കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം .കെ.എസ്.എ.ടി.എസ്.ആർ(പി 3)1734/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 Ph. No. .0487 2331249.

e-mail . dotsr.ksad@kerala.gov.in

തിയതി:19.10.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാനഓഡിറ്റ് വകുപ്പ്ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.ടി.എസ്.ആർ(പി 3)1734/16 തിയ്യതി: 19.10.2016

## തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 21.9.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2015-16 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2016 മുതൽ 28 .09.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സുനിൽ ദത്ത് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. വിജയശ്രീ .പി, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. കിരൺ കുമാർ. വൈ. സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീമതി.സോന.കെ.സത്യൻ, ഓഡിറ്റർ |
| | ശ്രീമതി. നിജ്ജ. സി.എസ്. ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. വൃന്ദ പ്രേംദാസ്. | 01-04-15 മുതൽ 31-10-15വരെ (1.11.2015 മുതൽ 11.11.2015 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി) |
| | കെ.കെ.സച്ചിത്ത് | 12.11.2015 മുതൽ 31.03.2016 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.അബ്ദുൾ റബ്ബ് | 01-04-15 മുതൽ 16-04-15 FN വരെ |
| | ശ്രീ. പി.വി സാബു | 16-04-15 മുതൽ 25-07-15 FN വരെ |
| | ശ്രീ. പ്രേമാനന്ദ്. സി.എം. | 25-07-15 മുതൽ 31-03-16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സാബു പി.വി | 01-04-15 മുതൽ 25-07-15 FN വരെ |
| | മധുരാജ്. കെ. | 25-07-15 മുതൽ 14-09-15 FN വരെ |

| | | |
|---|---|---|
| | | |
| | കെ.ബി. മുഹമ്മദ് റഫീക്ക് | 14-09-15 മുതൽ 31-03-16 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. പ്രകാശൻ. സി.വി | 01-04-15 മുതൽ 31-03-16വരെ |
| മെഡിക്കൽ സൂപ്രണ്ട്, സി.എച്ച്.സി. പെരിഞ്ഞനം | ഡോ. സാനു. എം. പരമേശ്വരൻ | 01-04-15 മുതൽ 31-03-16 വരെ |
| ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്., പെരിഞ്ഞനം | ശ്രീമതി. വി.എസ്. ദീപ | 01-04-15 മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ശ്രീമതി. നഫീസ ബീഗം | 01-04-15മുതൽ 31-03-16 വരെ |
| വെറ്ററിനറി സർജൻ | ഡോ. കിരൺ മേനോൻ | 01-04-15 മുതൽ 23-12-15 FN വരെ |
| | ഡോ. ജോബി ടി.ജെ | 23-12-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ജ്യോതി.പി.ബിന്ദു. | 01-04-15 മുതൽ 31-03-16വരെ |

| | | |
|---|---|---|
| | | |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ. അൻസിൻ | 01-04-15 മുതൽ 31-01-16വരെ |
| | ശ്രീ. സന്തോഷ് കുമാർ | 01-02-16 മുതൽ 31-03-16 വരെ |
| വി.ഇ.ഒ. (ഓണപ്പറമ്പ്) | ശ്രീമതി. ഹന പി.എ | 01-04-15 മുതൽ 31-03-16വരെ |
| വി.ഇ.ഒ. (പെരിഞ്ഞനം) | ശ്രീമതി.കെ. എച്ച്. സറീന | 01-04-15 മുതൽ 31-03-16വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശശികല.എസ് | 01-04-15 മുതൽ 31-03-16 വരെ |
| | ശ്രീമതി. ഓമന.കെ.പി | 01-06-15 മുതൽ 31-08-15 വരെ |
| | ശ്രീമതി.വത്സല.ഐ.വി | 01-09-15 മുതൽ 31-03-16 വരെ |

<u>ഉള്ളടക്കം</u>

| ക്രമ | ഭാഗം 1 | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | അനധികൃത കെട്ടിടം - വസ്തുനികുതി ഈടാക്കേണ്ടതാണ് | 2-1 |
| 13 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം- വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടക -തനതു വരുമാനം സംരക്ഷിക്കപ്പെടേണ്ടതാണ്. | 2-3 |
| | ഭാഗം 3 | |
| 15 | 2015-16 ലെ മരാമത്ത് പണികളുടെ പരിശോധന | 3-1 |
| 16 | അംഗൻവാടി-വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം | 3-2 |

| | | |
|---|---|---|
| 17 | എസ്.എസ്.എ – അധികം നൽകിയ പഞ്ചായത്ത്<br>വിഹിതം ക്രമീകരിക്കേണ്ടതാണ്. | 3-3 |
| 18 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ | 3-4 |
| 19 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതിയിൽ<br>തുടരാത്തവരുടെ സബ്സിഡി വിഹിതം സർക്കാരിലേക്ക്<br>തിരിച്ചടവാക്കേണ്ടതാണ് | 3-5 |
| 20 | അമൃതം പൊടിയുടെ വില അധികം അനുവദിച്ചു | 3-6 |
| 21 | വിദ്യാഭ്യാസം-പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണപ്രൊജക്റ്റിലെ അപാകതകൾ | 3-7 |
| 22 | ക്ഷേമപെൻഷനുകൾ അനുവദിക്കുന്നതിൽ കാലതാമസം | 3-8 |
| 23 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-9 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം -1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.03.2015 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന വരവ് 10,84,16,308/- രൂപയും ചെലവ് 10,24,93,800/- രൂപയും ആണ്. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ യഥാർത്ഥ വരവുചെലവിൽ നിന്നും ഗണ്യമായി വ്യത്യാസപ്പെട്ടിരിക്കുന്നു. വസ്തുനിഷ്ഠമായി ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. 2015-16ൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് കാണുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2016 | 28.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക -അപാകതകൾ

2015-16 വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) നാളിതുവരെയുള്ള മുഴുവൻ ആസ്തികളുടേയും മൂല്യം നിർണ്ണയിച്ച് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2) 2014-15ൽ ലഭിച്ചതും 31.03.2016ലെ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പുള്ളതുമായ താഴെ പറയുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം തുകകൾ VPF II(a)യിൽ നിന്ന് മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കപ്പെട്ടിട്ടുള്ളതിനാൽ ബാലൻസ് ഷീറ്റിൽ തുകയുണ്ടെങ്കിലും യഥാർത്ഥത്തിൽ പഞ്ചായത്തിന്റെ കൈവശം തുക നീക്കിയിരിപ്പില്ല.
i) ആശ്രയ ഭവനം SCയ്ക്കുള്ള വിഹിതം 2,50,000/- രൂപ
ii) പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്ട് – 3635/-

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 18476873 |
| വരവ് | ₹ 29033814 |
| ആകെ | ₹ 47510687 |
| ചെലവ് | ₹ 37876521 |
| നീക്കിയിരിപ്പ് | ₹ 9634166 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3102104 | *3686693 TC | 6788797 | *** 6788797 | 0 | 100% |
| വികസനഫണ്ട് പൊതുവിഭാഗം (കൺസോളിഡേറ്റഡ് ഫണ്ട്) | 0 | 7025119 | 7025119 | *** 1546535 | 5478584 | 22% |
| വികസനഫണ്ട് എസ്.സി.പി. | 1584108 | 0 | 1584108 | 1582500 | 1608 | 99.89 |
| വികസനഫണ്ട് എസ്.സി.പി. (കൺസോളിഡേറ്റഡ് ഫണ്ട്) | 0 | 4566608 | 4566608 | 2637744 | 1928864 | 57.76 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 47541 | 0 | 47541 | 47541 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് (കൺസോളിഡേറ്റഡ് ഫണ്ട്) | 0 | 4433000 | 4433000 | 3810201 | 622799 | 85.95 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 122587 | 0 | 122587 | 122587 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് (കൺസോളിഡേറ്റഡ് ഫണ്ട്) | 0 | 2320000 | 2320000 | 1960861 | 359139 | 84.51 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1871595 | 1361111 | 3232706 | 677719 | 2554987 | 20.96 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (കൺസോളിഡേറ്റഡ് ഫണ്ട്) | 0 | 3692087 | 3692087 | 2878011 | 814076 | 77.95 |
| ലോക ബാങ്ക് ധനസഹായം | 2117755 | 0 | 211775 | 987657 | 1130098 | 44.63 |
| ലോക ബാങ്ക് ധനസഹായം (കൺസോളിഡേറ്റഡ് ഫണ്ട്) | 0 | 1130098 | 1130398 | 1129728 | 370 | 99.94 |
| പെർഫോമൻസ് ഗ്രാന്റ് | 3763048 | **6515011 | 10278059 | 4299453 | 5978606 | 41.83 |
| എം.എൻ.ആർ.ജി.എസ്. | 0 | 11778106 | 11778106 | 11761697 | 16409 | 99.86 |
| ബി ഫണ്ട് | 0 | 18738512 | 18738512 | 18738512 | 0 | 100 |
| ആകെ | | | | | | |

<u>റിമാർക്സ്</u>

* TC from ii(b) 1608+TC from iv 2554987+TC from V 1130098=3686693

** മരാമത്ത് പ്രവൃത്തികളുടെ retension 310119 രൂപ ട്രഷറി അക്കൗണ്ടിൽ വരവു വച്ചത് ഉൾപ്പെടെയുള്ള തുക

*** VPF II(a)യിൽ നിന്നും ചെലവഴിച്ചതിനു ശേഷം മാത്രം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ചെലവു ചെയ്താൽ മതിയെന്ന സർക്കാർ നിർദ്ദേശമുണ്ടെങ്കിലും, ട്രഷറിയിൽ രണ്ടിൽനിന്നും ചെലവു രേഖപ്പെടുത്തിയിട്ടുള്ളതിനാൽ വികസന ഫണ്ട് പൊതുവിഭാഗത്തിലെ ട്രഷറി കണക്കുകളും പഞ്ചായത്തിന്റെ വാർഷിക കണക്കുകളും തമ്മിൽ വ്യത്യാസമുണ്ട്.

ട്രഷറി കണക്കുകൾ പ്രകാരം വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ ചെലവ് താഴെ കൊടുക്കുന്നു.
VPF II(a)യിൽ നിന്നുള്ള ചെലവ് = 3703712
(31.03.2016ന് ബാക്കിയുള്ളതും സർക്കാരിലേയ്ക്ക് തിരിച്ചുപോയതുമായ തുക 3085085/- രൂപ)
വികസനഫണ്ട് പൊതുവിഭാഗത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുമുള്ള ചെലവ് =4631620/- രൂപ
വികസന ഫണ്ട് പൊതുവിഭാഗം ആകെ ചെലവ് = 8335332
എന്നാൽ വാർഷിക കണക്കിലെ RP31 Schedule (വരവ്) പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുമുള്ള വരവ് ചെലവ് 1396535/- രൂപയാണ്. വാർഷിക കണക്കിൽ 1596535/- രൂപയാണ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള യഥാർത്ഥ ചെലവ് ആകേണ്ടിയിരുന്നത് (വികസന ഫണ്ട് പൊതുവിഭാഗം ആകെ ചെലവ് 8335332 – VPF II(a)യിൽ നിന്നുള്ള ചെലവ് തുക 6788797 = 1596535/-).

പ്രോജക്ട് നം. 81/15-16 ആശ്രയ ഭവനനിർമ്മാണ പദ്ധതി പ്രകാരമുള്ള ബ്ലോക്ക് ഫണ്ട് ചെലവ് 150000/- രൂപ സാംഖ്യയിൽ എൻട്രി നടത്തിയപ്പോൾ വന്ന അപാകതയാണെന്നാണ് പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദീകരണം.

കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള ചെലവ്-നീക്കിയിരിപ്പ് തുകകളിൽ ട്രഷറിയുമായുള്ള വ്യത്യാസം പരിഹരിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുടർന്നുള്ള വർഷത്തെ അലോട്ട്മെന്റുകളിൽ തെറ്റുവരാൻ സാധ്യതയുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 95 | 34312702 | 69 | 24761647 | 12 | 14 | 72.63% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ഇല്ല.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36.57 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7146863 | 3690554 | -3456309 | -48.36 |
| നികുതിയേതര വരവുകൾ | 1613849 | 1827995 | 214146 | 13.27 |
| മറ്റുവരവുകൾ | 66399 | 80902 | 14503 | 21.8422 |
| ആകെ | 8827111 | 5599451 | -3227660 | -36.57 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 119640 | 86 |
| കർഷകതൊഴിലാളി പെൻഷൻ | 1011720 | 154 |
| വിധവാപെൻഷൻ | 8519320 | 898 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 6650820 | 765 |
| വികലാംഗപെൻഷൻ | 1895500 | 242 |
| 50വയസ്സായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 295600 | 38 |
| വിവാഹധനസഹായം | 240000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2016 തിയ്യതിയിൽ 3.45 PMന് സ്ഥാപന തലവന്റെ/ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18441/- രൂപ ക്യാഷ് നീക്കിയിരിപ്പ് ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി പൊരുത്തപ്പെട്ടിരുന്നു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1)ഫ്രണ്ട് രജിസ്റ്ററുകൾ – ഡയറി, ഡ്യൂട്ടി രജിസ്റ്റർ, ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ-സൂക്ഷിക്കുന്നുണ്ട്. ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ എല്ലാ തപാലുകളും ബന്ധപ്പെട്ട സെക്ഷനുകൾ ഒപ്പുവച്ച് കൈപ്പറ്റുന്നതായി ഉറപ്പുവരുത്തേണ്ടതാണ്.

2)ഗ്രാമസഭകളിൽ ജനപങ്കാളിത്തം പൊതുവിൽ കുറവായി കാണുന്നു.

3)ഡി &ഒ ലൈസൻസ് അപേക്ഷകളിൽ പലതിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായി പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുകയോ തീരുമാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട സെക്ഷൻ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4)സാംഖ്യയിൽ ചെക്ക് നമ്പറുകൾ എൻട്രി വരുത്തുമ്പോൾ തെറ്റുസംഭവിക്കുന്നതായി കണ്ടു. ചെക്ക് നമ്പറുകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

5)2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റിനെ തുടർന്ന് ഓഡിറ്റ് സമയത്ത് അടവാക്കിയ 1192 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | ഇനം | അടവാക്കിയ തുക | രശീത് നം/തീയതി |
|---|---|---|---|
| 1 | ഡി & ഒ ലൈസൻസ് ഫീ | 100 | 11603102338 / 27.9.16 |
| 2 | തൊഴിൽ നികുതി (ജീവനക്കാർ) | 480 | 11603102365 / 28.9.16 |
| | പിഴ | 66 | |
| 3 | തൊഴിൽ നികുതി (ജീവനക്കാർ) | 480 | 11603102363/ 28.9.16 |
| | പിഴ | 66 | |
| | ആകെ | 1192/- | |

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.08.2016 | 7/2016 | 23.08.2016 (6/2016) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.2013 മുതൽ 13.02.2013 വരെ | 2007-08 to 2011-12 | 21.03.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃത കെട്ടിടം - വസ്തുനികുതി ഈടാക്കേണ്ടതാണ്

പെരിഞ്ഞനം വില്ലേജ് സർവ്വെ നമ്പർ 138/2ൽ സ്ഥിതിചെയ്യുന്ന G1 ഒക്യുപ്പൻസിയിൽ വരുന്ന 123.32 m2 അനധികൃത വർക്ക് ഷോപ്പ് നിർമ്മാണം അപാകതകൾ പരിഹരിച്ച് ക്രമവൽക്കരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 18.04.2016 ന് A3/747/ 16-ാം നമ്പറായി കെട്ടിട ഉടമയ്ക്ക് കത്ത് നലകിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് U.A നമ്പർ നൽകാവുന്നതും കെട്ടിടം ക്രമവൽക്കരിക്കുന്നതു വരെയോ നിർമ്മാണം പൊളിച്ചു മാറ്റുന്നതു വരെയോ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 എ.എ പ്രകാരം നികുതി ഈടാക്കാവുന്നതുമാണ്. ഈ കെട്ടിടത്തിന് UA നമ്പർ നൽകി നാളിതുവരെയുള്ള വസ്തുനികുതി ഈടാക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 2-2 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം- നികുതി ഈടാക്കിയതിൽ കുറവ്

U.A രജിസ്റ്റർ പ്രകാരം U.A1/48 A നമ്പർ നൽകിയിരിക്കുന്ന 92.81 $m^2$ കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയിരിയ്ക്കുന്നത് 1168 രൂപയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 235 എ.എ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്.

| ഇനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|
| വസ്തുനികുതി | 1168 | 3504 | 2336 |
| ലൈബ്രറി സെസ്സ് | 60 | 176 | 116 |

കുറവ് തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഷോപ്പിംഗ് കോംപ്ലക്സ് വാടക -തനതു വരുമാനം സംരക്ഷിക്കപ്പെടേണ്ടതാണ്.

ദേശീയപാതയ്ക്ക് അഭിമുഖമായി സ്ഥിതിചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സും ബീച്ച് റോഡിനഭിമുഖമായി സ്ഥിതിചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സും ഗ്രാമപഞ്ചായത്തിന് സ്വന്തമായുണ്ട്. ബീച്ച് റോഡിനഭിമുഖമായി സ്ഥിതിചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിലുള്ള III/51 നമ്പർ കടമുറി 14-15ൽ കരാർ കൊണ്ടിരുന്നത് 652 രൂപയായിരുന്നു. 15-16 സാമ്പത്തികവർഷം ഈ കടമുറി ലേലം കൊണ്ടത് 3800 രൂപയാണ്. ഇതേ ഷോപ്പിംഗ് കോംപ്ലക്സിലെ ബാക്കി 18 കടമുറികൾ വർഷംതോറും 5 % വർദ്ധനവ് വരുത്തി കരാർ പുതുക്കി വരുകയാണ് ചെയ്യുന്നത്. ഈ ഷോപ്പിംഗ് കോംപ്ലക്സിൽ വളരെ കുറഞ്ഞ നിരക്കിൽ വാടക അടവാക്കി വരുന്ന സ്ഥാപനങ്ങളുടെ വാടക പുനപരിശോധിക്കാവുന്നതും തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.

പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ പ്രധാന ആസ്തികളിലൊന്നായ മൂന്നു പീടിക സെന്ററിൽ ദേശീയ പാതയ്ക്ക് അഭിമുഖമായി സ്ഥിതിചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം അപകടകരമായ അവസ്ഥയിൽ പൊളിഞ്ഞു തുടങ്ങുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സുരക്ഷയെ കരുതി മുകൾ കെട്ടിടത്തിൽ പ്രവർത്തനം നിർത്തിവയ്ക്കാൻ സെക്രട്ടറി നോട്ടീസ് നൽകിയും താഴത്തെ കടമുറികൾ 2016-17 വരെ വാടകകരാർ നൽകിയാൽ മതിയെന്നും 1.08.2016 ലെ കമ്മിറ്റി തീരുമാനം (തീരുമാനം 9) എടുത്തു കാണുന്നു. ഷോപ്പിംഗ് കോംപ്ലക്സ് പുതുക്കി പണിയുന്നതിന് 25.02.16 ലെ 14-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ഇൻകൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രധാന വരുമാന സ്രോതസ്സായ ഗ്രാമപഞ്ചായത്തിന്റെ ഈ ആസ്തിയെ ശരിയായ രീതിയിൽ ഉപയുക്തമാക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 2015-16 ലെ മരാമത്ത് പണികളുടെ പരിശോധന

2015-16 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 10 സ്പിൽ ഓവർ പ്രൊജക്ടുകളും പുതിയതായി തുടങ്ങിയ 21 പ്രോജക്ടുകളും അടക്കം 31 പ്രോജക്ടുകളിലായി 10299585 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

1.1 പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടത്തേണ്ടിവരുന്ന കത്തിടപാടുകൾ അനുബന്ധ വിവരങ്ങൾ പഞ്ചായത്ത് കോൺട്രാക്ടർമാർ, നിർവ്വഹണ സമിതികൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒന്നും ഫയലിൽ സൂക്ഷിക്കുന്നില്ല.

1.2 പ്രവർത്തനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ കൈകൊള്ളുന്നതിന്റേയും ഇവ നടപ്പാക്കുന്നതുമായും ബന്ധപ്പെട്ട യാതൊരു വിവരങ്ങളും ഫയലിൽ സൂക്ഷിക്കുന്നില്ല. ഫയൽ നോട്ടുകൾ കുറിയ്ക്കുന്ന സംവിധാനം നടപ്പാക്കുന്നതിലൂടെ ഈ അപാകത ഒഴിവാക്കാവുന്നതാണ്.

1.3 ഫയലുകളിൽ നിന്ന് രേഖകൾ എടുത്തുമാറ്റാനോ വിവരങ്ങൾ ഏത് സമയത്തും കൂട്ടിചേർക്കുന്നതിനോ സാധ്യമാകുന്ന രീതിയിലാണ് നിലവിൽ ഫയൽ സൂക്ഷിക്കുന്ന രീതി.

ഫയൽ പേജുകൾക്ക് നമ്പറുകൾ നൽകുന്നതിലൂടെ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഇതിനാവശ്യമായ നടപടികൾ കൈ കൊള്ളേണ്ടതാണ്.

2. കരാർ ചമക്കുമ്പോൾ പദ്ധതി പൂർത്തികരിക്കുന്നതിനാവശ്യമായ സമയം കരാറിൽ ഉൾപ്പെടുത്തുന്നില്ല.

ഓരോ പ്രവർത്തിയുടേയും സവിശേഷതകൾക്കനുസരിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ സമയം നിശ്ചയിച്ച് ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തുകയും കരാറുകാരനുമായി കരാർ ചമയ്ക്കുമ്പോൾ ടി സമയക്രമം കരാറിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എല്ലാ പ്രോജക്ടുകളുടെ നിർവ്വഹണത്തിനും 6 മാസം അനുവദിയ്ക്കുകയെന്ന രീതിയാണ് നിലവിൽ തുടർന്നു വരുന്നത്. ഒന്നോ രണ്ടോ മാസത്തിനുള്ളിലോ ചുരുങ്ങിയ സമയത്തിനുള്ളിലോ തീർക്കാവുന്ന റോഡ് റിപ്പയറിംഗ് , കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ, കിണർ വൃത്തിയാക്കൽ തുടങ്ങിയ പ്രോജക്ടുകൾക്കും നിർവ്വഹണ സമയം 6 മാസമാണ് അനുവദിച്ചിരിയ്ക്കുന്നത്. ഇത് കോൺട്രാക്ടർമാർക്ക് അനുകൂലമായ രീതിയിൽ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായാണോയെന്ന് സംശയം ജനിപ്പിയ്ക്കുന്നതാണ്.

3 അനുവദനീയ സമയത്തിനുശേഷം കരാർ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിയ്ക്കുന്നില്ല.

പണി പൂർത്തീകരിക്കുന്നതിന് അനുവദിച്ച സമയത്തിന്റെ 20 ശതമാനം സമയം പിഴ ചുമത്താതെ കരാറുകാരന് അനുവദിയ്ക്കാവുന്നതാണ്.എന്നാൽ ഇങ്ങനെ അനുവദിക്കുന്ന അധിക സമയം വേണ്ടി വരുന്ന സാഹചര്യങ്ങൾ കരാറുകാരന്റേതായ കാരണങ്ങളാൽ ആകരുത്. കരാറുകാരന്റേതായ കാരണങ്ങളാൽ ആണ് അധികസമയം അനുവദിക്കേണ്ടി വരികയാണെങ്കിൽ GO(P) 68/99/PWD dt.14.07.99 പ്രകാരം അഗീകൃത PACയുടെ 1% ആദ്യ 3മാസങ്ങളിലേയ്ക്കും തുടർന്ന് 2% വും പിഴ ചുമത്തികൊണ്ടുവേണം അധികസമയം അനുവദിയ്ക്കേണ്ടത്. അധികസമയം അനുവദിയ്ക്കുമ്പോൾ കോൺട്രാക്ടറിൽ നിന്ന് രേഖാമൂലം അപേക്ഷ വാങ്ങുകയും സപ്ലിമെന്ററി കരാർ ചമയ്ക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം ഇത്തരം നടപടികളൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇത് ആവർത്തിയ്ക്കാതിരിയ്ക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

4 മരാമത്ത് പ്രവർത്തികളുടെ ബില്ലിൽ നിന്ന് മൂല്യവർദ്ധിത നികുതി പിടിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല.

2003 ലെ കേരള മൂല്യവർദ്ധിത നികുതി നിയമം സെക്ഷൻ 10.1 പ്രകാരം എല്ലാത്തരം കരാർ പ്രവൃത്തികളുടേയും ബില്ലിൽ നിന്ന് നിയമ പ്രകാരമുള്ള നികുതി അതാത് സ്രോതസ്സിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. വാണിജ്യ നികുതി കമ്മീഷണറുടെ 31.03.2011 ലെ 5/2011 നമ്പർ സർക്കുലർ പ്രകാരം 1.04.2011 മുതൽ വാണിജ്യ നികുതി വകുപ്പിൽ നിന്ന് രജിസ്റ്റേഡ് കരാറുകാർക്ക് നൽകുന്ന ഫോറം 1E ബാധ്യതാ സർട്ടിഫിക്കറ്റ് പ്രകാരമാണ് VAT ഈടാക്കേണ്ടത്. ആയതിനാൽ കരാറുകാർക്ക് പാർട്ട് ബിൽ / ഫൈനൽ ബിൽ നൽകുമ്പോൾ ഫോറം 1E പ്രകാരമുള്ള VAT ആണ് ഈടാക്കി സർക്കാരിൽ ഒടുക്കേണ്ടത്.അല്ലാത്ത പക്ഷം 2003 ലെ കേരള മൂല്യവർദ്ധിത നികുതി നിയമം സെക്ഷൻ 10.2(2എ),(1),(11എ), ബി എന്നിവ പ്രകാരം സ്രോതസ്സിൽ നികുതി ഈടാക്കി സർക്കാരിലേയ്ക്ക് ഓൺലൈനായി അടവാക്കേണ്ടതാണ്. 2015-16 വർഷത്തിലെ മരാമത്ത് ബില്ലുകൾ പരിശോധിച്ചപ്പോൾ 31.03.2011 ലെ 5/2011 ലെ വാണിജ്യ നികുതി കമ്മീഷണറുടെ സർക്കുലർ പ്രകാരം നിർദ്ദേശിച്ച 1E പ്രകാരമുള്ള ഫോറം ബിൽ നൽകുന്നതിന്

മുമ്പായി വാങ്ങുകയോ ഇത് പ്രകാരം നികുതി പിരിയക്കുകയോ അല്ല ചെയ്തിട്ടുള്ളത്. പകരം എല്ലാ ബില്ലിൽ നിന്നും 4% (ഗുണഭോക്തൃ സമിതി 5% ) മൂല്യവർദ്ധിത നികുതിയാണ് ഈടാക്കിയിട്ടുള്ളത്. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല. ഫോറം 1E പ്രകാരം വാണിജ്യ നികുതി വകുപ്പ് കോമ്പൗണ്ടിംഗ് അനുവദിച്ച് നൽകിയിട്ടില്ലെങ്കിൽ 2003 ലെ മൂല്യവർദ്ധിത നികുതി നിയമത്തിലെ പട്ടിക 3 പ്രകാരമുള്ള കൂലി ചെലവ് കുറച്ചുള്ള ഭാഗത്തിന്റെ 12.5 % മാണ് നികുതി പിടിക്കേണ്ടത്. ഇത് ഓഡിറ്റ് വർഷം പാലിച്ച് കാണുന്നില്ല. ആയതിനാൽ അടിയന്തിരമായി നിയമപ്രകാരം അനുശാസിക്കുന്ന രീതിയിൽ നികുതി പിരിക്കുവാനും 2015-16 വർഷത്തിൽ ഈയിനത്തിലുണ്ടായ കുറവ് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.1 കരാറുകാർക്ക് വാറ്റ് രജിസ്ട്രേഷൻ ഉണ്ടെന്ന് ഉറപ്പാക്കുന്നില്ല.

2003 ലെ മൂല്യവർദ്ധിത നികുതി നിയമം വകുപ്പ് 15 പ്രകാരം എല്ലാത്തരം കരാറുകാർക്കും വാറ്റ് രജിസ്ട്രേഷൻ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം വളരെ കുറച്ച് കരാറുക്കാരിൽ നിന്ന് മാത്രമെ വാറ്റ് രജിസ്ട്രേഷന്റെ കോപ്പി വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ഈ അപാകത പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 അംഗൻവാടി-വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം

പഞ്ചായത്ത് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ തീരുമാനം നം 17/11.12.15-ൽ 9-ാം വാർഡിലെ 102-ാം നമ്പർ അംഗൻവാടിയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി 20.12.2013ൽ 60,000/- രൂപ കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടും നാളിതുവരെ കണക്ഷൻ ലഭിച്ചിട്ടില്ലെന്ന് പരാമർശിച്ച് കാണുന്നു. 27.9.2016ന് അംഗൻവാടി സന്ദർശിച്ചപ്പോൾ ഇപ്പോഴും വയറിംഗ് നടത്തുകയോ കണക്ഷൻ ലഭിക്കുകയോ ചെയ്തിട്ടില്ല. 21.7.2012നാണ് അംഗൻവാടി കെട്ടിടം ഉദ്ഘാടനം ചെയ്തിട്ടുള്ളത്. ടോയ്ലെറ്റ് ബ്ലോക്കായതിനാൽ ഉപയോഗയോഗ്യമല്ല. കൂടാതെ ജനൽചില്ലുകൾ പൊട്ടിയിട്ടുമുണ്ട്. 11കുട്ടികളാണ് ഈ അംഗൻവാടിയിൽ നിലവിൽ വന്നുകൊണ്ടിരിക്കുന്നത് .

102-ാം അഗൻവാടിയിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തേണ്ടതും, വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിന് കാരണം അന്വേഷിച്ച് ഉടൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-3 എസ്.എസ്.എ - അധികം നൽകിയ പഞ്ചായത്ത് വിഹിതം ക്രമീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ-S0013/16

അടങ്കൽ -7,00,000/-

ചെലവ് -ട്രഷറിബിൽ നം 25/27.10.15, ₹5,73,777/-

എസ്.എസ്.എ. തൃശ്ശൂർ ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ 5.9.15 ലെ B-355/എസ്.എസ്.എ /2015-16/TSR കത്ത്, LSG Level plan & Budget എന്നിവ പ്രകാരം പഞ്ചായത്തിൽ നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളുടെ ആകെ യൂണിറ്റ് കോസ്റ്റ് 16,39,364/-രൂപയും പഞ്ചായത്ത് അടയ്ക്കേണ്ട വിഹിതം ആയതിന്റെ 35% ആയ 5,73,777/- രൂപയുമാണ്. ആയതനുസരിച്ച് ഡി.ഡി.നം. 708135/27.10.15 പ്രകാരം എസ്.എസ്.എ.യ്ക്ക് തുക നൽകിയിട്ടുണ്ട്. എസ്.എസ്.എ. 27.5.16 ന് പഞ്ചായത്തിന് നൽകിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം പഞ്ചായത്തിൽ എസ്.എസ്.എ. 15-16 സാമ്പത്തികവർഷം ആകെ 1118761/-രൂപയുടെ പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്. ആയതിന്റെ 35% മാത്രമാണ് പഞ്ചായത്ത് വഹിക്കേണ്ടത്, അതായത് 3,91,566/-രൂപ.

എസ്.എസ്.എ.യ്ക്ക് കൈമാറിയ തുകയിൽ അധികമുള്ള 1,82,211/-രൂപ തുടർന്നുള്ള വർഷങ്ങളിലെ പഞ്ചായത്ത് വിഹിതത്തിൽ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ

പ്രൊജക്റ്റ് നം-S0022/16

നിർവ്വഹണം-സെക്രട്ടറി

അടങ്കൽ-മെയിന്റൻസ് ഗ്രാന്റ് നോൺ റോഡ്-1,00,000

ചെലവ്-ട്രഷറി ബില്ല് നം-37/26.2.16 ,₹ 1,00,000/-

ഡിഡി നം 711025/26.2.16

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങുന്നതിനായി മേൽപറഞ്ഞ പ്രകാരം 1,00,000/- രൂപ മാനേജിംഗ് ഡയറക്ടർ, KSHCP, ആലപ്പുഴയ്ക്ക് കൈമാറിയിട്ടുണ്ട്. ആരോഗ്യവകുപ്പിൽ നിന്നുമുള്ള മരുന്നുകളുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, മരുന്നുകൾ ലഭിച്ചതിന്റെ ബില്ല്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത് .

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു

## 3-5 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതിയിൽ തുടരാത്തവരുടെ സബ്സിഡി വിഹിതം സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്

നിർവ്വഹണം – വെറ്ററിനറി സർജൻ

പ്രൊജക്റ്റ് നം - S004/16

അടങ്കൽ-വികസനഫണ്ട് - 375000/-

സംസ്ഥാനവിഹിതം - 375000/-

ഗുണഭോക്തൃവിഹിതം - 750000/-

ആകെ - 1500000/-

ചെലവ്-ട്രഷറി ബിൽ നം- 1/15-16/9.11.15 ₹375000/, (ഡിഡി നം-708357/9.11.15)

വനിതകളായ 60 ഗുണഭോക്താക്കൾക്ക് 6250/- രൂപ വീതം 375000/-രൂപ വികസനഫണ്ട്, എസ്.എൽ.ബി.പി.യ്ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

തീറ്റവിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങുന്നത് തുടരുന്നില്ലെന്ന് കാണുന്നു.

| ഗുണഭോക്താവിന്റെ പേര്/ പേജ് നമ്പർ | തീറ്റ വാങ്ങിയ കാലയളവ് | അനുവദിക്കപ്പെട്ട സബ്സിഡി തുക |
|---|---|---|
| ലളിത കൃഷ്ണൻ-9 | വാങ്ങിയിട്ടില്ല | -- |
| വിജയലക്ഷ്മി-12 | 26.12.15 to 24.6.16 | 3570 |
| സുകുമാരി സദാനന്ദൻ-15 | 26.12.15 to 24.6.16 | 3570 |
| നദീറ സെയ്തുമുഹമ്മദ്-16 | 26.12.15 to 24.6.16 | 3570 |
| കൈരളി പൂതംവീട്ടിൽ-43 | 26.12.15 to 25.4.16 | 2550 |
| പുഷ്പ ദാസൻ-58 | 26.12.15 | 510 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്കായി കൈമാറിയ സബ്സിഡിയിനത്തിൽ എസ്.എൽ.ബി.പി.യുടെ കൈവശം ബാക്കി നിൽക്കുന്ന തുക, സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 അമൃതം പൊടിയുടെ വില അധികം അനുവദിച്ചു

അംഗൻവാടി പോഷകാഹാരം – അപാകതകൾ

പ്രൊജക്റ്റ് നം - S0008/16

നിർവ്വഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ – വികസനഫണ്ട് – 700000

കേന്ദ്രവിഹിതം – 350000

തേജസ് ആക്റ്റീവ് ഗ്രൂപ്പിന്റെ ബിൽ നം. 841/28.9.15 പ്രകാരമുള്ള 825 kg അമൃതം പൊടിയുടെ വില, ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 48600/-രൂപ കേന്ദ്രവിഹിതത്തിൽ നിന്നും ചെക്ക് നം. 2982774/29.12.15(ആകെ = 107675/-) പ്രകാരം അനുവദിച്ചിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം നടത്തിയിട്ടില്ല. 9-ാം മാസത്തിൽ തേജസ് ആക്റ്റീവ് ഗ്രൂപ്പിന്റെ ബിൽ നം. 829/4.9.15 പ്രകാരമുള്ള 825 kg അമൃതം പൊടി വാങ്ങി അംഗൻവാടികളിൽ വിതരണം നടത്തുകയും ആയതിന്റെ വിലയായ 47025/-രൂപ ഡിഡി നം. 707976/16.10.15 പ്രകാരം ടി സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ബിൽ നം. 841/28.9.15 പ്രകാരമുള്ള 825 kg അമൃതം പൊടി യഥാർത്ഥത്തിൽ ലഭിച്ചിട്ടില്ലാത്തതിനാൽ 48600/-രൂപ കേന്ദ്രവിഹിതത്തിൽ നിന്നും അധികം ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ആയത് ടി സ്ഥാപനത്തിൽ നിന്നും തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 48600/-രൂപ തടസ്സപ്പെടുത്തുന്നു

## 3-7 വിദ്യാഭ്യാസം-പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണപ്രൊജക്റ്റിലെ അപാകതകൾ

പ്രൊജക്റ്റ് നം-S0069/16

നിർവ്വഹണം-എച്ച്.എം, ജി.യു.പി.എസ്., പെരിഞ്ഞനം

അടങ്കൽ-വികസനഫണ്ട്-1,50,000/-

ചെലവ്-ട്രഷറി ബിൽ നം. -2/23.3.16, ₹ 148000/-(ഡിഡി നം-712434/24.3.16)

ടെന്റർ കൂടാതെ SIDCO യിൽ നിന്നും 37 എണ്ണം സ്റ്റീൽ മേശ, നീൽകമൽ – 2036 പ്ലാസ്റ്റിക് കസേര കൈയ്യുള്ളത് എന്നിവയാണ് വാങ്ങിയത്.

| ഇൻവോയ്സ് നം /തിയതി | ഐറ്റം, വില | ആകെ തുക |
|---|---|---|
| SMC /OLR/15-16 /0541/15.3.16 | 19 സ്റ്റീൽ മേശ, @2934.5+14.5% VAT | 76000 |
| | 19 പ്ലാസ്റ്റിക് കസേര @558.95+14.5% | |

| | | |
|---|---|---|
| | VAT | |
| SMC /OLR/15-16 /0539/15.3.16 | 18 സ്റ്റീൽ മേശ, @2934.5+14.5% VAT | 72000 |
| | 18 പ്ലാസ്റ്റിക് കസേര @558.95+14.5% VAT | |

അപാകതകൾ

എ) ജി.ഒ. (ആർ.ടി)26/2015/എസ്.ഡി.പി/28.5.2015 ഉത്തരവുപ്രകാരം മര-സ്റ്റീൽ ഫർണീച്ചറുകൾ, ആശുപത്രി ഫർണീച്ചറുകൾ എന്നിവ മാത്രമാണ് ടെന്റർ കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങാവുന്നത്. നീൽകമൽ പ്ലാസ്റ്റിക് കസേരകൾ സിഡ്കോ നിർമ്മിച്ചവയല്ലാത്തതിനാൽ ഈയിനത്തിന് സിഡ്കോയ്ക്ക് റേറ്റ് കോൺട്രാക്ട് നിലവിലില്ല. ഇക്കാര്യം പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പർച്ചേസുകളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ബി)പദ്ധതി മാർഗ്ഗരേഖപ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം ഫർണീച്ചർ വാങ്ങി, സ്കൂൾ അധികൃതർ മുഖേന വിതരണം നടത്തണം. അപ്രകാരമല്ല ചെയ്തിട്ടുള്ളത്. ആകെ 37 എണ്ണം വാങ്ങിയതിൽ 31 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. ബാക്കി വരാനുള്ളകാരണം, ബാക്കിയുള്ളത് എന്തു ചെയ്തു എന്നീ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/27/9/16) ലഭിച്ച മറുപടിയിൽ 39 പേരുടെ ഗുണഭോക്തൃലിസ്റ്റിൽ നിന്നും അർഹരായവർക്കു മാത്രമേ നൽകിയിട്ടുള്ളുവെന്നും ബാക്കി വന്നവ സ്കൂളിൽ സൂക്ഷിച്ചിട്ടുള്ളത് തുടർന്നുള്ള വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുമെന്നു അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റുപ്രകാരമുള്ള കുട്ടികളിൽ നിന്നും, സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം അർഹത ഉറപ്പുവരുത്തി എണ്ണം കണക്കാക്കി, ഫർണീച്ചർ വാങ്ങുകയും വിതരണം നടത്തുകയുമാണെങ്കിൽ ഈ അപാകത ഒഴിവാക്കാവുന്നതാണ്.

## 3-8 ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിൽ കാലതാമസം

ക്ഷേമ പെൻഷനുകൾ അപേക്ഷ ലഭിച്ച് 45- 60 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. കൂടാതെ ജി.ഒ (എം.എസ്) 602/13 S.J.D തിയതി 9.12.13 പ്രകാരം അപേക്ഷാ തിയതിയിൽ പെൻഷനു അർഹതയുണ്ടെങ്കിൽ അന്നു മുതൽ പ്രാബല്യത്തിൽ പെൻഷൻ അനുവദിക്കാവുന്നതുമാണ്. എന്നാൽ കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ ക്ഷേമ പെൻഷനുകൾ അനുവദിച്ചതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടു. ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്ഷേമ പെൻഷൻ | അപേക്ഷകന്റെ പേരും മേൽവിലാസവും | അപേക്ഷേ ലഭിച്ച തിയതി | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പറും തിയതിയും | പെൻഷൻ അനുവദിച്ച തിയതി |
|---|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | ഖാലിദ് പോക്കാക്കില്ലത്ത് പെരിഞ്ഞനം | 4.5.15 | wc.2/16 11.1.2016 | 1.1.2016 |
| | കൊച്ചുരാമൻ S/o കോരപ്പൻ മാടേനി വീട് പെരിഞ്ഞനം | 12.5.15 | WC.2/16 11.1.2016 | 1.1.2016 |
| | ഷൺമുഖൻ ടി.വി. S/o വേലായുധൻ തൃപ്പന്നത്ത് പെരിഞ്ഞനം | 7.1.16 | wc.22/16 23.5.2016 | 1.5.2016 |
| | കെ.എ.ദേവകി, W/oസുബ്രഹ്മണ്യൻ, വയമ്പനാട്ട്, പെരിഞ്ഞനം | 22.1.16 | wc.22/16 23.5.16 | 1.5.2016 |
| വികലാംഗ പെൻഷൻ | ഉഷ, W/o സോമൻ, പള്ളത്ത് വീട്. | 05/12/15 | തീരുമാനം എടുത്തിട്ടില്ല | |
| | വിഷ്ണുനാഥൻ S/o വിശ്വനാഥൻ, പടിയത്ത് വീട്. പെരിഞ്ഞനം | 15/12/15 | തീരുമാനം എടുത്തിട്ടില്ല | |
| | കിരൺ സോമൻ, പള്ളത്ത് വീട്, പെരിഞ്ഞനം | 29/12/15 | തീരുമാനം എടുത്തിട്ടില്ല | |
| | ഗോകില D/oഗോപിനാഥൻ, ആനക്കോട്ട, | 05/01/16 | തീരുമാനം എടുത്തിട്ടില്ല | |

| | | | | |
|---|---|---|---|---|
| | പെരിഞ്ഞനം | | | |
| വാർദ്ധക്യ കാല പെൻഷൻ | അബ്ദുള്ള.<br>S/o മുഹമ്മദ്.<br>തേപറമ്പിൽ,<br>പെരിഞ്ഞനം | 04/01/16 | Wc.24/16.<br>23-05-2016 | 01-05-2016 |
| | കമല<br>W/o കേശവൻ,<br>കുന്നത്തുപടി,<br>പെരിഞ്ഞനം. | 11/01/16 | Wc.24/16.<br>23-05-2016 | 01-05-2016 |
| | ലളിത<br>W/o പത്മനാഭൻ,<br>വൻപറമ്പിൽ | 11/01/16 | Wc.24/16.<br>23-05-2016 | 01-05-2016 |
| | ബാലകൃഷ്ണൻ,<br>മുമ്പ് വീട്ടിൽ,<br>പെരിഞ്ഞനം | 14/01/16 | Wc.24/16<br>23-05-2016 | 01-05-2016 |
| വിധവ പെൻഷൻ | മീന.ബി.ആർ.,<br>ചെമ്പിപറമ്പിൽ,<br>പുല്ലാനി,<br>ചക്കരപ്പാടം | 05.07.15 | wc.1/16.<br>11.01.16 | 01.01.16 |
| | ശ്രീകല.കെ.വി.,<br>നെടുപറമ്പിൽ,<br>പെരിഞ്ഞനം | 13.07.15 | wc.1/16.<br>11.01.16 | 01.01.16 |
| | കൊച്ചുമോൻ,<br>കല്ലിപറമ്പിൽ,<br>പെരിഞ്ഞനം | 27.07.15 | wc.1/16.<br>11.01.16 | 01.01.16 |
| | സുഹറ,<br>ഞാറക്കാട്ടിൽ,<br>പെരിഞ്ഞനം | 06.08.15 | wc.1/16.<br>11.01.16 | 01.01.16 |

ആയതിനാൽ വിവിധ ക്ഷേമപെൻഷനുകൾ അനുവദിച്ചതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഭാവിയിൽ ക്ഷേമപെൻഷനുകൾ സമയബന്ധിതമായിതന്നെ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-9** <u>തൊഴിലുറപ്പ് പദ്ധതി അവലോകനം</u>

പെരിഞ്ഞനം ഗ്രാമപഞ്ചായത്തിൽ ആകെ രജിസ്റ്റർ ചെയ്ത 3480 കുടുംബങ്ങളിൽ 3465 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷം 859 കുടുംബങ്ങൾക്ക് തൊഴിൽ ലഭിക്കുകയും 149 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആകെ 316

പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 270 എണ്ണം തൻവർഷം നടപ്പിലാക്കി. ആയതിൽ 245 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതികളുൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ജലസംരക്ഷണവും മഴവെള്ളകൊയ്ത്തും | 24 | 2515266 |
| 2 | വനസംരക്ഷണവും മരം വെച്ചുപിടിപ്പിക്കലും | 46 | 3241114 |
| 3 | ചെറുകിട ജലസേചന പ്രവൃത്തികൾ | 84 | 4133763 |
| 4 | പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവ്ര, ഭൂപരിഷ്കരണത്തിലൂടെ ഭൂമി ലഭിച്ചവർ, ഐ.എ.വൈ ഗുണഭോക്താക്കൾ എന്നവരുടെ ഭൂമിയിൽ ജലസേചന സൗകര്യം | 68 | 841464 |
| 5 | പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം. | 5 | 353941 |
| 6 | ഭൂവികസന പ്രവൃത്തനങ്ങൾ | 43 | 2555514 |
| | ആകെ | 270 | 13641062 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 200000 | സാന്ത്വന പരിചരണം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 150000 | ആശ്രയ സ്ഥലം വാങ്ങൽ | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 200000 | ഭവന നിർമ്മാണം ഭിന്നശേഷിയുള്ളവർക്ക് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 160235 | സാന്ത്വന പരിചരണം | 156600 | 3635* |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 250000 | ആശ്രയ ഭവനം SC | 0 | 250000* |

*റിമാർക്സ്-ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3635/-(സാന്ത്വന പരിചരണം) 2,50,000/-രൂപ (ആശ്രയ ഭവനം SC) എന്നിവ VPF II(b) യിൽ നിന്നും VPF II(a) യിലേക്ക് TC ചെയ്യപ്പെടുകയും മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ടി തുകകൾ വീണ്ടെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വാർഷിക കണക്ക് പ്രകാരം ബാലൻസ് ഷീറ്റിൽ B4 പട്ടികയിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച യഥാക്രമം 14500/-, 162976/- രൂപ ചെലവഴിയ്ക്കാൻ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | S079/16 കപ്പൽപള്ളി റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 248870-29/06/2015 | 100160 | 100160 | 0 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | S080/16 ഗുരുക്കൾ റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 248871/29.06.2015 3059/23.06.2015 | 110020 | 110020 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ(എം.എസ്) 394/2010/ ത.സ്വ.ഭ.വ തിയതി 4.02.2010 | 5395000 | 1027593 | 1027593 | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 7000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 7000/- |

നിക്ഷേപത്തിന്റെ വിശദവിവരം ലഭ്യമല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വരവില്ല.

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 29033814 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37876521 |
| വരവിനങ്ങളിലുള്ള നഷ്ടം | 2336 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 148600 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 2336 | - | പ്രേമാനന്ദ്.സി.എം., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1,00,000 | പ്രേമാനന്ദ്. സി.എം., സെക്രട്ടറി |
| 3-6 | 48600 | വത്സല.ഐ.വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 1,48,600 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 2-2, ലൈബ്രറി സെസ്സ്-116/- സംസ്ഥാന സർക്കാരിനുള്ള നഷ്ടം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രേമാനന്ദ്.സി.എം., സെക്രട്ടറി | സെക്രട്ടറി, പുത്തൻചിറ ഗ്രാമപഞ്ചായത്ത് | ചീരേപറമ്പിൽ വീട്, കോതപറമ്പ്,കൊടുങ്ങല്ലൂർ |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ടി.12-1868/04/ 11-05-15 | | |
| 1997-98 | എൽ.എഫ്.ടി.12-1867/04/ 13-05-15 | | |
| 1998-99 | എൽ.എഫ്.ടി.19-59/2001/ 05-03-01 | | |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.12-339/03/ 16-09-13 | | |
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്.ടി.12-1402/03/ 03-11-03 | | |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.12-241/06/ 08-08-06 | | |
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്.ടി.12-362/08/ 31-08-09 | | |
| 1999-2000 (വരവ്) | എൽ.എഫ്.ടി.12-241/06/ 08-08-06 | | |
| 2000-01 (വരവ് ചെലവ്) | എൽ.എഫ്.ടി.12-362/08/ 31-08-09 | | |
| 2001-02 | എൽ.എഫ്.ടി.12-363/08/ 31-08-09 | | |
| 2002-03 | എൽ.എഫ്.ടി.12-364/08/ 31-08-09 | | |
| 2003-04 | എൽ.എഫ്.ടി.12-365/08/ 31-08-09 | | |

| | | | |
|---|---|---|---|
| 2004-05 | എൽ.എഫ്.ടി.12-367/08/ 03-07-2010 | | |
| 2005-06 | എൽ.എഫ്.ടി.12-664/10/ 25-01-2011 | | |
| 2006-07 | എൽ.എഫ്.ടി.12-665/10/ 25-01-2011/11-04-2011 | | |
| 2007-08 | എൽ.എഫ്.ടി.(പി3)487/12 തി.31-08-12 | | |
| 2008-09 | എൽ.എഫ്.ടി.(പി3)488/12 തി.03-09-12. | | |
| 2009-10 | എൽ.എഫ്.ടി.(പി3)489/12 തി.31-08-12 | | |
| 2010-11 | എൽ.എഫ്.ടി.(പി3)490/12 തി.31-08-12/09-11-12 | | |
| 2011-12 | എൽ.എഫ്.ടി.(പി3)892/13 തി.19-09-13 | | |
| 2012-13 | എൽ.എഫ്.ടി.(പി3) 372/14 തി.05-07-14/08-08-14 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (പി3)182/16തി.10.02.16. | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി3)1275/16തി.29.07.2016 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി 3) 1734 /16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തിയ്യതി: 19.10.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

No.KSA-TSR(P3)1734/16

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Dated 19.10.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Perinjanam Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Perinjanam Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.